(ബി&സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഡിവിഷൻ തലത്തിൽ 1:45 ആണ് ഇപ്പോൾ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം.

(ഡി) രണ്ടുമേഖലയിലും ഒരേ അനുപാതമായതിനാൽ ബാധകമല്ല.

(ഇ) കേരളമുൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കി വരുന്നുണ്ട്.

അധ്യാപക ബാങ്ക്

45 (4654) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അദ്ധ്യാപക ബാങ്കിൽ എത്ര അദ്ധ്യാപകരാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യാപകരെ പുനർ നിയമിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജില്ലാ തലത്തിൽ അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർവിന്യാസം നടത്തുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. ബാങ്ക് രൂപീകരിച്ച ശേഷമേ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂ.

സ്കൂൾ കലോൽസവ മാന്വൽ

46 (4655) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഇല്ല. സ്കൂൾ കലോത്സവ മാന്വലിലെ സംഘാടക സമിതി പരിഷ്കരിച്ച് കലോത്സവം നടക്കുന്ന സ്ഥലത്തെ എം.എൽ.എ.-യെ സംഘാടക സമിതി ചെയർമാനാക്കി ഉത്തരവായിട്ടുണ്ട്. നിലവിലെ മാന്വൽ പ്രകാരം സംഘാടക സമിതി ചെയർമാൻ കലോത്സവം നടക്കുന്ന സ്ഥലത്തെ മേയർ/മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly